



# ദൈവദാസനായ കനീസിയൂസച്ചൻ



2015 January

Vol: 1 Issue:1



## മഹത്തായ ജീവിത മാതൃക



മാർ പോളി കണ്ണൂക്കാടൻ (ഇരിങ്ങാക്കുട രൂപതാ ബിഷപ്പ്)

ദൈവത്തിന്റെ ഇഷ്ടത്തിനടിയറവെച്ച ഉത്തമ സന്യാസിയായിരുന്നു ബഹു. കനീസിയൂസച്ചൻ. ആഴമേറിയ ആദ്ധ്യാത്മികതയുടെ ഉടമയായിരുന്ന അദ്ദേഹം ദിവ്യകാരുണ്യ കേന്ദ്രീകൃതമായിരുന്ന ഒരു ജീവിതമാണ് നയിച്ചിരുന്നത്. അദ്ദേഹത്തിന്റെ ഭക്ഷണവും പാനീയവും ദൈവവചനമായിരുന്നു എന്നു പറഞ്ഞാൽ ഒട്ടും അതിശയോക്തിയില്ല. അതുകൊണ്ട് തന്നെ സമീപിച്ച എല്ലാവർക്കും ദൈവവചനം പങ്കുവെച്ചുകൊണ്ട് അവർക്ക് ജീവൻ നല്കാൻ അദ്ദേഹത്തിനു സാധിച്ചു. സത്യവിശ്വാസം സംരക്ഷിക്കുന്ന കാര്യത്തിലും അദ്ദേഹം എന്നും ബദ്ധശ്രദ്ധാലുവായിരുന്നു. അച്ചന്റെ മാദ്ധ്യസ്ഥം വഴി ധാരാളം ദൈവാനുഗ്രഹം ഉണ്ടാകുന്നതിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. നല്ലവനായ ദൈവം എല്ലാവരേയും അനുഗ്രഹിക്കട്ടെ.

## ദൈവീക മനുഷ്യൻ



മാർ ജെയിംസ് പഴയാറ്റിൽ (എമരിറ്റീസ് ബിഷപ്പ്, ഇരിങ്ങാലക്കുട)

ജീവിച്ചിരിക്കുമ്പോൾതന്നെ ഒരു വിശുദ്ധനെന്ന നിലയിൽ പുണ്യത്തിന്റെ പരിമളം പരത്തിയ ദൈവീക മനുഷ്യനായിരുന്നു കനീസിയൂസച്ചൻ. തനിക്ക് പരിശീലനം നല്കിയ എല്ലാ സ്ഥാപനങ്ങളോടും ഗുരുഭൂതരോടും ആത്മീയാചാര്യന്മാരോടും അദ്ദേഹത്തിന് വലിയ മതിപ്പായിരുന്നു. അവരുടെ മാർഗനിർദ്ദേശമനുസരിച്ചായിരുന്നു പരമാവധി നന്മ നിറഞ്ഞ ജീവിതത്തിന്റെ ഉടമയാകാൻ ഫാ. കനീസിയൂസച്ചൻ ശ്രമിച്ചിരുന്നത്.

തുടർച്ച 3-ാം പേജിൽ ഒന്നാം കോളം

## ആത്മീയതയുടെ പര്യായം



**ഫാ. വാൾട്ടർ തേലപ്പിള്ളി സി.എം.ഐ.**
പ്രൊവിൻഷ്യൾ, ദേവമാതാ പ്രോവിൻസ്

ദൈവദാസനായ ബഹു. കനീസിയൂസച്ചൻ വി. ചാവറ കുരിയാക്കോസ് ഏലിയാസച്ചന്റെ സിദ്ധികളിൽനിന്നും ശക്തി സംഭരിച്ച് ദൈവത്തിന്റെ മനുഷ്യനായി വിശുദ്ധിയുടെ പടവുകൾ ചവിട്ടികയറിയ ദൈവിക മനുഷ്യനാണ്. ദൈവേഷ്ടത്തിന് പ്രാധാന്യം കൊടുത്ത് അതുമാത്രം ജീവിതചര്യയായി സ്വീകരിച്ച് ദൈവജനത്തിന് മാതൃകയായി തീർന്ന ആത്മീയതയുടെ പര്യായം. അദ്ദേഹത്തിന്റെ പ്രാർത്ഥനാചൈതന്യം, ദിവ്യകാരു

തുടർച്ച 3-ാം പേജിൽ മൂന്നാം കോളം

## ആത്മീയതയുടെ ആൾരൂപം



റവ. ഡോ. പോൾ ആച്ചാണ്ടി സി. എം. ഐ.,
പ്രിയോർ ജനറാൾ

''എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം നിറവേറട്ടെ'' (ലൂക്ക 22:42) എന്നായിരുന്നു യേശുവിന്റെ പ്രാർത്ഥന. വചനത്തിന് മാംസം നൽകിയ പരി. അമ്മയും പറഞ്ഞു: "ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ" (ലൂക്ക 1:38). ദൈവതിരുമനസ്സ് നടക്കും, നടത്തും എന്നുള്ളതായിരുന്നു വി. ചാവറയച്ചന്റെ ജീവിതാദർശം. വചനപണ്ഡിതനും വചനോപാസകനും അമലോത്ഭവ മറിയത്തിന്റെ കർമലീത്തനുമായ കനീസിയൂസച്ചന്റെ ജീവിത മന്ത്രമായിരുന്നു. "ദൈവേഷ്ടം അതു മുഴുവൻ അതു മാത്രം".

ആഴമേറിയ ആത്മീയതയുടെ ആൾ രൂപമായിരുന്ന കനീസിയൂസച്ചൻ ദൈവത്തിന്റെ കൃപ നിറഞ്ഞ ഉത്തമ സന്യാസ വൈദീകനായിരുന്നു. കണ്ടുമുട്ടിയവരുടെ മനസിൽ ഇന്നും ദൈവികതയുടെ മായാത്ത ചിത്രം വരക്കാൻ കനീസിയൂസച്ചനെ ദൈവം ഉപകരണമാക്കി. കനീസിയൂസച്ചന്റെ വിശുദ്ധി ഗ്രഹിക്കാനും അനുഭവിക്കാനും മാദ്ധ്യസ്ഥം അപേക്ഷിക്കാനും ഈ പ്രസിദ്ധീകരണം ഉപകരണമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

## വിശുദ്ധമായ ഒരു സുവിശേഷ സാന്നിദ്ധ്യം



ഫാ.തോമസ് ഐക്കര സി. എം. ഐ
റെക്ടർ, ധർമ്മാരാം കോളേജ്, ബാംഗ്ലൂർ

മുപ്പതിലേറേ വർഷങ്ങൾ ബഹു.കനീസിയൂസച്ചനുമായി അടുത്തിടപഴകി ജീവിക്കാനുള്ള അസാധാരണ അവസരം ലഭിച്ചത് ഒരു വലിയ ഭാഗ്യമായാണ് ഞാൻ വിലമതിക്കുന്നത്. വിജ്ഞാനവും വിശുദ്ധിയും വിനയവുമുള്ള കനീസിയൂസച്ചന്റെ അനന്യമായ സാന്നിദ്ധ്യം എനിക്കെപ്പോഴും ആകർഷകമായ മാതൃകയുമായിരുന്നു. എപ്പോഴും എല്ലാവരിലും എല്ലായിടത്തും നന്മ മാത്രം ദർശിച്ച് മറ്റുള്ളവരെ വളർത്തുന്ന അരൂപിയുടെ നിറസാന്നിദ്ധ്യമായിരുന്നു അദ്ദേഹം. ആ പ്രോത്സാഹനസമീപനം എനിക്കെന്നും വലിയൊരു സഹായമായിരുന്നു. അഗാധമായ നന്ദിയോടെ, വലിയ സ്നേഹത്തോടെ ആരും സ്മരിക്കുന്ന ഒരു ചിരന്തനശാക്തീ

തുടർച്ച 3-ാം പേജിൽ രണ്ടാം കോളം



# സന്യാസ സാധനയുടെ മനുഷ്യൻ



ഫാ.ഫ്രാൻസീസ് കണിച്ചിക്കാട്ടിൽ സി.എം.ഐ
പ്രിയോർ, അമ്പഴക്കാട് ആശ്രമം

ജീവിച്ചിരിക്കുമ്പോൾ തന്നെ പുണ്യത്തിന്റെ പരിമളം പരത്തിയ വിശുദ്ധാത്മാവായിരുന്നു ദൈവദാസനായ കനീസിയൂസച്ചൻ. വിശുദ്ധിയുടെ പരിമളം അദ്ദേഹത്തിന്റെ വാക്കുകളിലും, കർമ്മങ്ങളിലും, ക്ലാസുകളിലും നിറഞ്ഞു നിന്നിരുന്നു. സന്യാസത്തിന്റെ ആഴങ്ങൾ തേടിയുള്ള ഒരു പ്രയാണമായിരുന്നു അദ്ദേഹത്തിന്റേത്. അതിനുള്ള സാധന തീക്ഷ്ണമായ പ്രാർത്ഥനയും അഗാധമായ ധ്യാനവുമായിരുന്നു. ഭക്തിയുടെ ദീപം തെളിച്ച്, സർവ്വേശ്വരനെ മനസിൽ നിനച്ച്, ധ്യാനിച്ച് ആ മുഖം വ്യക്തികളിൽ ദർശിക്കാൻ കഴിയണമേ എന്നായിരുന്നു കനീസിയൂസച്ചന്റെ പ്രാർത്ഥന

# ദൈവദാസനായ കനീസിയൂസച്ചൻ ജനമനസ്സുകളിൽ ഇന്നും ജീവിക്കുന്നു.

അവന്റെ ശരീരസ്പർശമേറ്റ തുവാലകളും അംഗവസ്ത്രങ്ങളും അവർ രോഗികളുടെ അടുത്തു കൊണ്ടുവന്നു. അപ്പോൾ രോഗം അവരെ വിട്ടുമാറുകയും അശുദ്ധാത്മാക്കൾ അവരിൽനിന്നു പുറത്തുവരുകയും ചെയ്തിരുന്നു. (അപ്പ.19.12)

## വിശുദ്ധ കരങ്ങളാൽ രോഗസൗഖ്യം

1986 ൽ എനിക്ക് ശക്തമായ തലവേദനവന്നു. രാവിലെ 5 മണിക്ക് എഴുന്നേറ്റാൽ 10 മണിവരെ ശക്തമായ തലവേദനആയിരുന്നു. തല താഴ്ത്താനോ ഒരു ജോലിയും ചെയ്യാനും പറ്റാതെ വിഷമിക്കുകയായിരുന്നു. ഒരാഴ്ചയോളം വേദന തുടർന്നപ്പോൾ ഭർത്താവിന്റെ നിർദ്ദേശപ്രകാരം പരിയാരത്തിൽ സി. എസ്. ആർ. ആശ്രമത്തിൽ പോയി പ്രാർത്ഥിക്കാം എന്ന് വിചാരിച്ചു. അവിടെ ചെന്നപ്പോൾ കനീസിയൂസ് അച്ചനെയാണ് കണ്ടത്. അച്ചൻ എന്നോട് കാര്യം തിരക്കി. ഞാൻ എന്റെ തലവേദനയുടെ കാര്യം പറഞ്ഞപ്പോൾ, അച്ചൻ എന്നോട് അവിടെ മുട്ടുകുത്താൻ പറഞ്ഞു, എന്നിട്ട് അച്ചൻ എന്റെ തലയിൽ കൈവച്ച് പ്രാർത്ഥിച്ചു, അച്ചൻ തലയിൽനിന്നു കൈ എടുത്തവശം ഒരു ഭാരം ഇറങ്ങിപ്പോയതുപോലെ തോന്നി, എനിക്ക് നല്ല സുഖം തോന്നി. പിന്നീട് ഇന്നുവരെ എനിക്ക് ആ തലവേദന ഉണ്ടായിട്ടില്ല. ആ വിശുദ്ധ കരങ്ങളാണ് എനിക്ക് സൗഖ്യം നൽകിയതെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. സാക്ഷ്യപ്പെടുത്തുന്നു.
ആനീസ് വറീത്, കിഴക്കൂടൻ ഹൗസ്, പരിയാരം പി. ഒ., ചാലക്കുടി, പരിയാരം

## ഷുഗറിന്റെ അസുഖം മാറിക്കിട്ടി

ദൈവദാസൻ ബഹു. കനീസിയൂസച്ചനോടു പ്രാർത്ഥിച്ചതിന്റെ ഫലമായി മരുന്നിന്റെ സഹായമൊന്നും കൂടാതെ എന്റെ ഷുഗറിന്റെ അസുഖം മാറിക്കിട്ടിയതിനും മരുന്നൊന്നുമില്ലാതെതന്നെ എന്റെ മകൾ നിഷയുടെ കൂടെക്കൂടെയുള്ള തലവേദനമാറിക്കിട്ടിയതിനും ഒരായിരം നന്ദിയുടെ നറുമലരുകൾ അർപ്പിച്ചുകൊണ്ട്, മാളയിൽനിന്ന്
സാലി ജോസ്

## ഹൃദയംതൊട്ട വിശുദ്ധൻ

എന്റെ മകൾ മേരിയ്ക്ക് ഹൃദയസംബന്ധമായ രോഗത്താൽ തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ അഡ്മിറ്റാക്കുകയും, തുടർന്ന് വിവിധ ടെസ്റ്റുകൾ നടത്തുകയും ചെയ്തു. രോഗവിവരം അറിഞ്ഞപ്പോൾ മുതൽ ഞാൻ ബഹു. കനീസിയൂസ് അച്ചനോട് മാദ്ധ്യസ്ഥം അപേക്ഷിച്ച് ഈശോയോട് പ്രാർത്ഥിച്ചിരുന്നു. പിന്നീട് മകളെ ഹോസ്പിറ്റലിൽ നിന്ന് ഡിസ്ചാർജ്ജ് ചെയ്ത് രണ്ടാഴ്ചത്തെ വിശ്രമത്തിനുശേഷം TMT Test നായി വീണ്ടും ആശുപത്രിയിൽ ചെല്ലുകയും, ഡോക്ടർ പരിശോധിച്ചപ്പോൾ, ഇനി ടെസ്റ്റിന്റെ ആവശ്യം ഇപ്പോൾ ഇല്ലെന്നും, ഹാർട്ടിന് ഇപ്പോൾ യാതൊരു കുഴപ്പവുമില്ലെന്നും ദൈവദാസനായ കനീസിയൂസ് അച്ചന്റെ മാദ്ധ്യസ്ഥത്താൽ മകൾക്കും കുടുംബത്തിനും ലഭിച്ച ഈ വലിയ സൗഖ്യാനുഗ്രഹത്തെ ഓർത്ത് യേശുവിന് മഹത്വവും, ആരാധനയും നന്ദിയും അർപ്പിക്കുന്നു.
മേരി, D/o.റോസി റപ്പായി, കണ്ണംപുഴ ഹൗസ്, നെടുപുഴ, തൃശ്ശൂർ

## സംസാരശേഷി തിരിച്ചുകിട്ടി

എന്റെ സഹോദരീഭർത്താവിന് തലച്ചോറിൽ രക്തം കട്ടപിടിക്കുന്ന രോഗം 2 പ്രാവശ്യം ഉണ്ടായി. അങ്കമാലി ആശുപത്രി ഐ. സി. യു. വിലായിരുന്നു. ഓരോ വശത്തിനും തളർച്ച ഉണ്ടായിരുന്നതും, സംസാരശേഷി കുറഞ്ഞുപോയിരുന്നതും ദൈവദാസനായ കനീസിയൂസച്ചന്റെ കബറിടത്തിൽ എഴുതിയിട്ട് പ്രാർത്ഥിച്ചതിന്റെ ഫലമായി അച്ചന്റെ മാദ്ധ്യസ്ഥതയാൽ സംസാരശേഷി ലഭിച്ച് നന്നായി സംസാരിക്കുകയും, വടിയുടെ സഹായത്തോടെ നടക്കുകയും ചെയ്തതിന് നന്ദി പറയുന്നു.
പി. പി. ജോണി, പയ്യപ്പിള്ളി ഹൗസ്
മല്ലുശ്ശേരി, മൂഴിക്കുളം പി. ഒ., അങ്കമാലി (വഴി)

## ഓപ്പറേഷൻ കൂടാതെ സൗഖ്യം

എന്റെ മകൻ ഫിജോ മൂക്കിൽ ദശയും പാത്ത് ഡീവിയേഷനും ആയി ശ്വസിക്കാൻ വളരെ ബുദ്ധിമുട്ടനുഭവിച്ചിരുന്നു. ഡോക്ടർ ഓപ്പറേഷൻ പറഞ്ഞിരുന്നുവെങ്കിലും ദൈവദാസൻ കനീസിയൂസച്ചന്റെ മാദ്ധ്യസ്ഥം അപേക്ഷിച്ചതിന്റെ ഫലമായി ഓപ്പറേഷൻ കൂടാതെ സുഖപ്പെട്ടു.
ആനി ഫ്രാൻസിസ്, തെക്കേക്കര ഹൗസ്, കരാഞ്ചിറ

## ജോലി കിട്ടി

കോട്ടയ്ക്കൽ സെന്റ് തെരേസാസ് പള്ളിയിൽ അടക്കം ചെയ്തിരിക്കുന്ന പുണ്യശ്ലോകനായ കനീസിയൂസ് അച്ചന്റെ നാമകരണത്തിനു വേണ്ടിയുള്ള പ്രാർത്ഥനതുടങ്ങുന്ന ദിവസം ജിയോ അച്ചന്റെ പ്രേരണയാൽ പ്രാർത്ഥിക്കാൻ വന്ന ഞാൻ ഒരു ജോലി കിട്ടുവാൻ വേണ്ടി പ്രാർത്ഥിക്കുകയും ആ ആഴ്ചയിൽതന്നെ എനിക്ക് Hosur Enercone Passafic Asia Pvt. Ltd. ൽ ജോലി ലഭിക്കുകയും ചെയ്തു.

## സിസ്റ്റ് വിട്ടുപോയി

എന്റെ വയറ്റിൽ ഭയങ്കര വേദനമൂലം ഞാൻ ഡോക്ടറെ കാണിച്ചു. അപ്പോൾ ഡോക്ടർ സ്കാൻ ചെയ്യാൻ പറഞ്ഞു. സ്കാൻ ചെയ്തപ്പോൾ ഓവറിയിൽ ഒരു വലിയ സിസ്റ്റ് ഉണ്ട് എന്നറിഞ്ഞു. ഞാനും എന്റെ കുടുംബവും ബഹു. കനീസിയൂസച്ചന്റെ കബറിടത്തിൽ പ്രാർത്ഥിച്ചു. മൂന്ന് മാസം കഴിഞ്ഞ് വീണ്ടും ഞാൻ ഡോക്ടറെ കാണിച്ച് സ്കാൻ ചെയ്തുനോക്കിയപ്പോൾ സിസ്റ്റ് വിട്ടുപോയി എന്ന റിസൽട്ടാണ് ലഭിച്ചത്. ബഹു. കനീസിയൂസച്ചന് എന്റെയും എന്റെ കുടുംബത്തിന്റെയും പേരിൽ നന്ദി പറയുന്നു. ഇനിയും ബഹു. കനീസിയൂസച്ചൻ എനിക്കും എന്റെ കുടുംബത്തിനും വേണ്ടി പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുന്നു.
സജന ലിയോ, വീട് - പുതുക്കാട്.

## പരീക്ഷയിൽ നല്ല മാർക്ക്

കനീസിയൂസച്ചനെ ദൈവദാസനായി പ്രഖ്യാപിക്കുന്ന നേരത്ത് എന്റെ മകൻ പരീക്ഷയിൽ നല്ല മാർക്ക് വാങ്ങി പാസ്സായാൽ കൃതജ്ഞത എഴുതി ഇടാമെന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി അവൻ നല്ല മാർക്ക് വാങ്ങി എസ്. എസ്. എൽ. സി. പരീക്ഷ പാസായി. (എൽസി, കോട്ടമുറി)

## വസ്തുസംബന്ധമായ രേഖ തിരിച്ചുകിട്ടി.

ദൈവത്തിനു നന്ദിയും സ്തുതിയും അർപ്പിച്ചുകൊണ്ട് ദൈവദാസനായ കനീസിയൂസച്ചൻവഴി എനിക്ക് ലഭിച്ച അനുഗ്രഹം സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു. വസ്തുസംബന്ധമായ ഒരു സാങ്കേതികരേഖ അത്യാവശ്യ സന്ദർഭത്തിൽ കാണാതായതുമൂലം വളരെയധികം ബുദ്ധിമുട്ടനുഭവിച്ചു. ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട കനീസിയൂസച്ചനോട് മാദ്ധ്യസ്ഥം യാചിച്ച് ഈശോയോട് പ്രാർത്ഥിച്ചതുവഴി മുൻപ് അന്വേഷിച്ചിട്ടും കാണാതിരുന്ന സ്ഥലത്തുനിന്നുതന്നെ അത് ലഭിക്കുകയും ക്ലേശം കൂടാതെതന്നെ ഞങ്ങളുടെ ആവശ്യം നടത്താൻ സാധിക്കുകയും ചെയ്തു. രണ്ടാമതായി ലഭിക്കുവാൻ ഏറെ തടസ്സങ്ങളുണ്ടായിരുന്ന മകന്റെ പാസ്പോർട്ട് യാതൊരുവിധ പ്രശ്നങ്ങളുമില്ലാതെ ലഭിച്ചു. എനിക്ക് കിട്ടിയ ഈ നൻമകൾക്കായി ഈശോയ്ക്കും കനീസിയൂസച്ചനും നന്ദിയും സ്തുതിയും അർപ്പിച്ചുകൊള്ളുന്നു.
ലീനകുര്യാക്കോസ്
എടാട്ടുകാരൻ, പി. ഒ. മാള, കോട്ടമുറി

## വായ് പുണ്ണ്മാറികിട്ടി.

ഞങ്ങളുടെ മകൾ ആഗ്നയ്ക്ക് വായിൽ പുണ്ണും പനിയുമായി വളരെ അധികം കഷ്ടപ്പെട്ട അവസരത്തിൽ രോഗസൗഖ്യം കിട്ടുന്നതിനായി കനീസിയൂസ് അച്ചന്റെ മാദ്ധ്യസ്ഥം യാചിച്ചു പ്രാർത്ഥിച്ചിരുന്നു. 2 ദിവസത്തിനുശേഷം ഞങ്ങൾക്ക് മസ്കറ്റിലേക്ക് പോകേണ്ടിയിരുന്നു. ഞങ്ങളുടെ മകൾക്ക് ലഭിച്ച സൗഖ്യത്തിന് ഞങ്ങൾ നന്ദി പറയുന്നു.
ആഗ്ന റോസ്, D/o ലിജി പ്രിൻസ് പയ്യപ്പിള്ളി വീട്, കോട്ടമുറി, മാള

## വിവാഹം മംഗളകരമായി നടന്നു.

എന്റെ സഹോദരി സിസ്റ്റർ പാസിയുടെ നിർദ്ദേശമനുസരിച്ച് എന്റെ ഏക മകൻ ജിത്തിന്റെ വിവാഹം മംഗളകരമായി നടക്കാൻ, ദൈവദാസൻ -കനീസിയൂസച്ചന്റെ- കബറടത്തിൽ അപേക്ഷ എഴുതിയിടാനും, കബറടത്തിലെ നിലവിളക്കിൽ കത്തിക്കാൻ എണ്ണകൊടുക്കാനും പറഞ്ഞതനുസരിച്ച് ചെയ്യുകയും, നല്ല കാലാവസ്ഥ നല്കി, വിവാഹം മംഗളകരമായി നടന്നതിന് ദൈവത്തിന് നന്ദി പറയുകയും ദൈവദാസനെ വിശുദ്ധനായി പ്രഖ്യാപിക്കാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നു.
ടോണി, പന്തല്ലൂക്കാരൻ ഹൗസ്,
കൊടകര പി.ഒ., തൃശൂർ

## വിദേശ യാത്രയ്ക്കനുഗ്രഹം

ഞങ്ങൾ ദൈവദാസൻ കനീസിയൂസച്ചന്റെ കബറിടത്തിൽ വന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ മകൾക്ക് ഓസ്ട്രിയായിൽ പോകാൻ സാധിച്ചു. ഇത്രയും വലിയ അനുഗ്രഹത്തിന് നന്ദിയേകുന്നു.
ഷൈനി, മഞ്ഞളി ഹൗസ്,
കുരിയച്ചിറ

## ദൈവേഷ്ടപ്രകാരം ശുശ്രൂഷ ചെയ്യാൻ വെളിപ്പെട്ട് കിട്ടി

ഞാൻ ദൈവദാസന്റെ കബറിടത്തിൽ 9 വ്യാഴാഴ്ച വന്ന് നൊവേനയിൽ പങ്കെടുക്കുകയും 3 മണിക്കൂർ ഇരുന്ന് പ്രാർത്ഥിച്ചതിന്റെയും ഫലമായി ഡിവൈനിലെ ശുശ്രൂഷ നിർത്തി പോന്നപ്പോൾ പല സ്ഥലത്തേക്ക് വിളിച്ചതിന് കൃത്യമായി ദൈവേഷ്ടപ്രകാരം ശുശ്രൂഷ ചെയ്യാൻ വെളിപ്പെട്ട് കിട്ടിയതിന് നന്ദി പറയുന്നു.
സി. പാസി SABS, ആരാധനമഠം, കോടന്നൂർ പി. ഒ., തൃശൂർ

## വേദന മാറ്റിയ ദൈവീകാനുഭവം

ദൈവദാസൻ കനീസിയൂസ് അച്ചന്റെ ദൈവദാസ പ്രഖ്യാപനം വരെ ഉണ്ടായിരുന്ന കാല് വേദന, അസഹ്യമായ പുറം വേദന, മുട്ടുകുത്തുവാനുള്ള ബുദ്ധിമുട്ട് ഇവയെല്ലാം ആ ദിവസത്തെ വി. കുർബ്ബാനയോടെ മാറുകയും, ദൈവീകമായ അനുഭവം ഉണ്ടാവുകയും, പൂർണ്ണ സൗഖ്യം ലഭിക്കുകയും ചെയ്തു.
അമ്മിണി ജേക്കബ്, പടമാട്ടുമ്മൽ ഹൗസ്
ആലത്തൂർ

## ചെവിവേദനയും, കേൾവിക്കുറവും മാറി

ദൈവദാസനായ കനീസിയൂസ് അച്ചന്റെ മാദ്ധ്യസ്ഥത്തിൽ പ്രാർത്ഥിച്ചതിന്റെ ഫലമായി 2 മാസത്തോളമായി എനിക്ക് ഉണ്ടായിരുന്ന ചെവിവേദനയും, കേൾവിക്കുറവും ചെവിയടപ്പും മാറിക്കിട്ടി. ഡോക്ടറെ കണ്ട് മരുന്ന് കഴിച്ചിട്ടും മാറിയിരുന്നില്ല. എനിക്കുണ്ടായിരുന്ന കഴുത്ത് വേദനയിൽ നിന്നും ഷോൾഡർ പെയിനിൽനിന്നും പൂർണ്ണ സൗഖ്യം ലഭിച്ചു. ത്രിമുഖ ജപമാല കൂടാൻ വന്നപ്പോൾ അച്ചന്റെ കബറിടത്തിൽ വന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ അസുഖങ്ങൾ എല്ലാം മാറി. ദൈവദാസനായ കനീസിയൂസച്ചനോട് നന്ദി പറയുന്നു.
മേരീസ് തോമസ്, കണിച്ചായ് ഹൗസ്, മാള

## ഫ്രീ വിസയിൽ വിദേശത്തൊരു ജോലി

ദൈവദാസൻ കനീസിയൂസ് അച്ചന്റെ മാദ്ധ്യസ്ഥം വഴി ഞാനും കുടുംബവും കണ്ണുനീരോടെ പ്രാർത്ഥിച്ചതിന്റെ ഫലമായി വിദേശത്ത് ഒരു നല്ല ജോലി ഫ്രീ വിസയിൽ ലഭിച്ചു. ഉയർന്ന ശമ്പളവും ലഭിച്ചു. ഇത്രയും വലിയ അനുഗ്രഹത്തിന് ഞാനും കുടുംബവും നന്ദി പറയുന്നു.
എ. ഡി. സേവ്യർ, അഞ്ചേരി ഹൗസ്, കോട്ടമുറി

## ജോലി ലഭിച്ചു

ദൈവദാസൻ കനീസിയൂസ് പിതാവിന്റെ അരികെ വന്നു പ്രാർത്ഥിച്ചതിന്റെ ഫലമായി എനിക്ക് എയ്ഡഡ് പ്ലസ് ടു സ്കൂളിൽ പെർമനന്റ് ആയി ജോലി ലഭിച്ചു. ദൈവത്തിനും അച്ചനും ഒരു കോടി നന്ദി അർപ്പിക്കുന്നു.
നിമ്മി റോസ്, പുതുശ്ശേരി ഹൗസ്, കൊരട്ടി

## സന്താനഭാഗ്യം നൽകിയനുഗ്രഹിച്ചു.

ഞങ്ങളുടെ വിവാഹം നടന്നത് 11-11-2007. വിവാഹത്തിനുശേഷം ഒരു കുഞ്ഞെന്ന സ്വപ്നവുമായി അലഞ്ഞ ഞങ്ങൾക്ക് കനീസിയൂസച്ചൻ വഴി തിരുക്കുടുംബനാഥനായ വി. യൗസേപ്പിതാവും, പരിശുദ്ധ അമ്മയും ഉണ്ണീശോയിൽനിന്ന് അനുഗ്രഹം വർഷിച്ചതിനെതുടർന്ന് 2012 ജനുവരി 3-ാം തിയ്യതി ചാവറയച്ചന്റെ തിരുന്നാൾദിനത്തിൽ ഓമനത്തമുള്ള ഒരു ആൺകുഞ്ഞിനെ നൽകി ദൈവം അനുഗ്രഹിച്ചു. ഞങ്ങൾ അവന് കനീൻ എന്ന് നാമധേയം നൽകി. ഒരു കുഞ്ഞിനെ ലഭിക്കാതെ ഞങ്ങൾ വിഷമിച്ചിരുന്ന സമയത്ത് എന്റെ വല്യപ്പച്ചനാണ് കനീസിയൂസച്ചന്റെ പടവും, ദശദിന പ്രാർത്ഥനായജ്ഞപുസ്തകവും നൽകി കനീസിയൂസച്ചന്റെ മാദ്ധ്യസ്ഥം അപേക്ഷിക്കാൻ നിർദ്ദേശിച്ചത്. അതുപോലെതന്നെ ദൈവം ഞങ്ങളെ അനുഗ്രഹിച്ചു.
പോൾ & ഫ്ളോറി.

## യൂട്രസ്സ് പ്രശ്നം സൗഖ്യമായി

ഞാൻ രണ്ടു കുട്ടികളുടെ അമ്മയാണ്. എനിക്ക് ഇപ്പോൾ 40 വയസ്സുണ്ട്. വയറ്റിൽ ഉണ്ടായ വലിയ വേദനകൊണ്ടും ഞാൻ കുറേ നാളായി വളരെ വിഷമിക്കുകയായിരുന്നു. ഒടുവിൽ മാളയിലെ ബി. സി. എം. ഹോസ്പിറ്റലിലെ ഡോ. മറിയം ജോജിയെ ചെന്നുകണ്ടു. അവർ നിർദ്ദേശിച്ചതനുസരിച്ച് അവിടെത്തന്നെ സ്കാനിംഗ് നടത്തി. അപ്പോൾ മനസ്സിലായി യൂട്രസ്സിൽ ഒരു വലിയ തടിപ്പുണ്ടെന്ന്. അവിടെനിന്ന് പ്രത്യേകം മരുന്നൊന്നും ലഭിച്ചില്ല. വിദഗ്ദ്ധചികിത്സ വേണമെന്ന് മാത്രം അവർ നിർദ്ദേശിച്ചു. സംഭവം അറിഞ്ഞതുമുതൽ ഞാൻ വലിയ സങ്കടത്തിലായി. സമാധാനമില്ലാതായി. ഞാൻ കൊവേന്തപള്ളിയിൽചെന്ന് ബഹു. കനീസിയൂസച്ചന്റെ കബറിടത്തിൽ മുട്ടുകുത്തി പ്രാർത്ഥിക്കാൻ തുടങ്ങി. വീട്ടിൽവെച്ചും അച്ചന്റെ മാദ്ധ്യസ്ഥം തേടി അപേക്ഷിച്ചു. ഒരു മാസം അങ്ങനെ കഴിഞ്ഞു. ഞാൻ തൃശ്ശൂർ മെഡിക്കൽ കോളേജിൽ ചെന്ന് ഡോ. ഷൈമയെയാണ് കണ്ടത്. അവരും പറഞ്ഞു സ്കാനിംഗ് വേണമെന്ന്. അവിടെത്തന്നെ സ്കാനിംഗ് നടത്തി. പരിശോധനാഫലം കണ്ടപ്പോൾ ഡോക്ടർ പറഞ്ഞു. ഇപ്പോൾ നിങ്ങളുടെ ഗർഭാശയത്തിൽ തടിപ്പോ പ്രശ്നങ്ങളോ ഒന്നുമില്ല. അസുഖം പൂർണ്ണമായും മാറിക്കഴിഞ്ഞിരിക്കുന്നുവെന്ന്. എനിക്കുണ്ടായ സന്തോഷത്തിന് അതിരില്ല. ഞാൻ ആരോഗ്യവതിയായി. ദൈവത്തിന് സ്തുതി. പ്രത്യേകമായ ചികിത്സകളോ ഓപ്പറേഷനോ കൂടാതെയാണ് എന്റെ രോഗം സുഖപ്പെട്ടത്. ബഹു. കനീസിയൂസച്ചന്റെ കബറിടത്തിലെ പ്രാർത്ഥനയായിരുന്നു എന്റെ ശക്തമായ മരുന്ന്. അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥശക്തികൊണ്ടാണ് എന്റെ രോഗം പൂർണ്ണമായി മാറിയതെന്ന് ഞാൻ ഉറപ്പായി വിശ്വസിക്കുന്നു. ആ പുണ്യപിതാവിനോടും ദൈവപിതാവിനോടും ഞാൻ നന്ദി പറയുന്നു. അസുഖം ഉണ്ടെന്നു കണ്ട സ്കാനിങ്ങും, അസുഖം മാറിയെന്നു കണ്ട സ്കാനിങ്ങും ഞാൻ സൂക്ഷിച്ചുവച്ചിട്ടുണ്ട്. ദൈവദാസൻ കനീസിയൂസച്ചന്റെ പ്രാർത്ഥനാസഹായം തുടർന്നും അപേക്ഷിക്കുന്നു.
ആനി മാർട്ടിൻ, പ്ലാശ്ശേരി, കോട്ടമുറി

## ശ്വാസതടസ്സത്തിനും ഡെങ്കിപ്പനിക്കും ശമനം

2005ൽ എന്റെ മകൻ ജെയ്ക്കബ് ജോസ് +2ൽ പഠിക്കുമ്പോൾ Recurrent respiratory infection ഉണ്ടായി. കനീസിയൂസച്ചന്റെ മാദ്ധ്യസ്ഥസഹായം തേടുകയും എറണാകുളം ഇന്ദിരാഗാന്ധി ഹോസ്പിറ്റലിലെ പ്രശസ്തനായ ഡോ. ക്ലെമന്റ് കള്ളിയത്തിനെ ചെന്നുകാണുകയും ചെയ്തു. രോഗം പെട്ടെന്ന് ഭേദമായി. ഈ അനുഗ്രഹം കനീസിയൂസച്ചന്റെ മാദ്ധ്യസ്ഥ സഹായത്താൽ ദൈവത്തിൽ നിന്നും ലഭിച്ചതാണെന്ന് ഞങ്ങൾ ഉറച്ചു വിശ്വസിക്കുന്നു. വർഷങ്ങൾ പിന്നിട്ട്, 2010-ൽ മകൻ മദ്രാസിൽ ലെയോളയിൽ എം. എസ്. ഡബ്ല്യു. പഠിക്കുകയായിരുന്നു. അപ്പോൾ അവന് ഡെങ്കിപ്പനി ബാധിച്ചു. വളരെ അവശനിലയിലായി വീണ്ടും ഞങ്ങൾ കനീസിയൂസച്ചന്റെ മദ്ധ്യസ്ഥം തേടി പ്രാർത്ഥിക്കുകയും വീണ്ടും ഡോ. ക്ലെമന്റ് കള്ളിയത്തിനെ കാണുകയും ചെയ്തു. പ്രതീക്ഷിച്ചതിനേക്കാൾ വേഗത്തിൽ മകൻ ആരോഗ്യം വീണ്ടെടുത്ത് പഠിത്തം തുടർന്നു. ഇത് കനീസിയൂസച്ചന്റെ പ്രത്യേക ഇടപെടൽ മൂലമാണെന്ന് ഞാനും കുടുംബവും വിശ്വസിക്കുന്നു. ആ പുണ്യപിതാവിന് പ്രത്യേകം നന്ദി അർപ്പിക്കുന്നു.
സി.സി. ജോസ്., കാരിക്കാമുറി, എറണാകുളം.



തുടർച്ച 3-ാം പേജിൽ നിന്നും

## ദൈവീക മനുഷ്യൻ

**മാർ ജെയിംസ് പഴയാറ്റിൽ**

പലതരതരം രോഗങ്ങളും പിടിപ്പെട്ട് അദ്ദേഹം അമ്പഴക്കാട് ആശ്രമത്തിൽ വിശ്രമിച്ചതും പിന്നീട് മരിച്ചു സംസ്കരിക്കപ്പെട്ടതും ഏറെ മതിപ്പോടും ബോധ്യത്തോടും കൂടെ അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥം തേടി പ്രാർത്ഥിക്കാൻ പലരും ശ്രമിക്കുന്നതും ഞാൻ മനസിലാക്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ മരണപത്രവും സഭാംഗങ്ങൾക്കുള്ള നിർദ്ദേശങ്ങളും ശ്രദ്ധേയമാണ്. മൃതസംസ്കാരത്തിൽ ബഹു. തോമസ് ഐക്കരയച്ചന്റെ ചരമപ്രസംഗവും മുഖ്യ കാർമ്മികനാകാൻ എനിക്കു ലഭിച്ച ഭാഗ്യവും ഞാൻ ഓർക്കുന്നു. അദ്ദേഹത്തിന്റെ മാതൃകാ ജീവിതവും ആത്മീയ ചൈതന്യവും ദൈവതിരുമനസ്സു നിറവേറ്റാനുള്ള പ്രതിബദ്ധതയും ഏവർക്കും അനുഗ്രഹദായകവും അനുകരണീയവുമാണ്.

തുടർച്ച 3-ാം പേജിൽ നിന്നും

## വിശുദ്ധമായ ഒരു സുവിശേഷ സാന്നിദ്ധ്യം

**ഫാ.തോമസ് ഐക്കര സി. എം. ഐ**
റെക്ടർ, ധർമ്മാരാം കോളേജ്, ബാംഗ്ലൂർ

കരണാത്മീയ സാന്നിദ്ധ്യം.

അദ്ദേഹത്തിന്റെ അന്ത്യയാത്രാ ശുശ്രൂഷയിൽ ചരമ പ്രസംഗം ഞാൻ അവസാനിപ്പിച്ചത് "ഇന്നുമുതൽ നമുക്ക് കനീസിയൂസച്ചനോട് പ്രാർത്ഥിക്കാം" എന്നു പറഞ്ഞു കൊണ്ടായിരുന്നു. കാരണം കനീസിയൂസച്ചൻ ജീവിച്ചിരിക്കുന്ന വിശുദ്ധനാണെന്നുള്ള എന്റെ ഉറച്ച ബോധ്യം. അദ്ദേഹത്തിന്റെ നാമകരണ നടപടികൾ ആരംഭിക്കുന്ന ഈ അനുഗ്രഹാവസരത്തിൽ, നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം. ദൈവേഷ്ടാനുസരണം അതിവേഗത്തിൽ ഇതു പൂർത്തിയായി, അദ്ദേഹം അൾത്താരയിൽ വണങ്ങപ്പെടുന്നതിനായി, അദ്ദേഹത്തിന്റെ വിശുദ്ധ സാന്നിധ്യം നമുക്കെല്ലാവർക്കും എപ്പോഴും ഒരു മാദ്ധ്യസ്ഥ സാന്നിദ്ധ്യമായിരിക്കട്ടെ. എന്റെ തീക്ഷ്ണമായ പ്രാർത്ഥന; എന്റെ ആത്മാർത്ഥമായ ആശംസ.



തുടർച്ച 3-ാം പേജിൽ നിന്നും

## ആത്മീയതയുടെ പര്യായം

**ഫാ. വാൾട്ടർ തേലപ്പിള്ളി സി.എം.ഐ.**
പ്രൊവിൻഷ്യൾ

ണ്യനാഥനോടുള്ള ഭക്തി, വചനബദ്ധമായ ജീവിതം, തിരുസഭാസ്നേഹം, അധികാരികളോടും മറ്റുള്ളവരോടുമുള്ള വിധേയത്വം, വിനീതമായ ഭാവം ഇതൊക്കെ അനുകരണീയങ്ങളാണ്. ദൈവീകമായ ഈ പുണ്യങ്ങളിൽ അനുദിനം വളർന്നുകൊണ്ട് അദ്ദേഹം സി.എം.ഐ. സഭയുടെ ജനറാളച്ചനായും, പ്രൊവിൻഷ്യാളച്ചനായും, ധർമ്മാരാം റെക്ടറായും ബൈബിൾ പ്രഘസരായും, സുപ്പീരിയറച്ചനുമായി ഒക്കെ വിവിധ തലങ്ങളിൽ ജോലി ചെയ്തുകൊണ്ട് 'ജീവിക്കുന്ന വിശുദ്ധനെന്നു'ള്ള അപരനാമത്തിന് അർഹനായി. ദൈവദാസനായ ബഹു. കനീസിയൂസച്ചന്റെ മാദ്ധ്യസ്ഥംവഴിയായി നമുക്കെല്ലാവർക്കും ധാരാളമായ അനുഗ്രഹങ്ങൾ ലഭിക്കുമാറാകട്ടെയെന്ന് ആശംസിക്കുന്നു.

# ആനന്ദപുരത്തും അമ്പഴക്കാട്ടും പ്രകാശം വിതറിയ ആത്മീയ ശ്രേഷ്ഠൻ



(ജീവിത സംഗ്രഹം)

വിശുദ്ധിയും വിജ്ഞാനവും സമഞ്ജസമായി സമ്മേളിച്ച ആചാര്യ ശ്രേഷ്ഠനായിരുന്നു ദൈവദാസനായ കനീസിയൂസച്ചൻ. 1914 മെയ് 12ന് തൃശ്ശൂർ ജില്ലയിൽ ആനന്ദപുരത്ത് തെക്കേക്കര പൊതപറമ്പിൽ ലോനപ്പന്റെയും ഭാര്യ മറിയത്തിന്റെയും മകനായി കനീസിയൂസച്ചൻ ജനിച്ചു. "ദൈവേഷ്ടം – അത് മുഴുവൻ – അത് മാത്രം" എന്നതായിരുന്നു മാതാപിതാക്കളുടെ ആദർശം. ഈ ജീവിതദർശനം തന്നെയായിരുന്നു കനീസിയൂസച്ചന്റെ ആപ്തവാക്യവും. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം സി.എം.ഐ സഭയിൽ 1935 നവംബർ 24-ാം തിയ്യതി ആദ്യവ്രതം അനുഷ്ഠിച്ചു. കോട്ടയ്ക്കൽ (അമ്പഴക്കാട്) കൊവേന്തയിൽ പ്രാഥമിക സന്യാസ പരിശീലനവും പൂർത്തിയാക്കി. 1942 ഡിസംബർ 21-ാം തിയ്യതി പൗരോഹിത്യം സ്വീകരിച്ചു. ഉപരിപഠനം ശ്രീലങ്കയിലെ കാൻഡിയിലും റോമിലും നടത്തി. വിശുദ്ധ ഗ്രന്ഥ പഠനത്തിൽ 1952-ൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. ഇന്ത്യയിൽ നിന്നും ആദ്യമായി ബൈബിൾ വിജ്ഞാനീയത്തിൽ ഡോക്ടറേറ്റ് നേടിയ ജ്ഞാനിയാണ് ദൈവദാസനായ കനീസിയൂസച്ചൻ. ഉത്തമന്മാരായ ഗുരുക്കന്മാരുടെ ശിഷ്യത്വവും മാതൃകയും വിശുദ്ധിയിലും വിജ്ഞാനത്തിലും വിനയത്തിലും വിശ്വസ്തതയിലും അദ്ദേഹത്തെ വളർത്തി ഉയർത്തി.

സി.എം.ഐ സഭയിൽ വ്യത്യസ്ത സേവനരംഗങ്ങളിൽ ജ്വലിച്ചു നിന്നിരുന്ന സഭാശുശ്രൂഷകനായിരുന്നു ദൈവദാസനായ കനീസിയൂസച്ചൻ. സെമിനാരി പ്രൊഫസർ, റെക്ടർ, പ്രൊവിൻഷ്യൽ, വികാരി-ജനറൽ, പ്രിയോർ ജനറൽ, ആത്മീയ ഗുരുഭൂതൻ തുടങ്ങിയ ഔദ്യോഗിക ജോലികൾ ഏറ്റവും കൃത്യമായും ഉത്തരവാദിത്വത്തോടെയുംകൂടിയും നിർവ്വഹിച്ചിട്ടുണ്ട്. സഭയോടൊത്ത് ചിന്തിച്ചിരുന്ന അദ്ദേഹം രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വെളിച്ചത്തിൽ നവീകരണത്തിനും കാലോചിതമായ കാൽവെപ്പുകൾക്കും താല്പര്യം എടുത്തിരുന്നു. സാംസ്കാരിക, വിദ്യാഭ്യാസ, സാമൂഹിക സമ്പർക്ക മാധ്യമരംഗത്തും ഉണർന്നു പ്രവർത്തിക്കാനും ഉയർന്നു നയിക്കാനും മിഷൻ പ്രവർത്തനങ്ങൾ അന്വർത്ഥമാക്കാനും സഭാംഗങ്ങൾക്ക് പ്രചോദനവും പ്രോത്സാഹനവും നൽകിയിരുന്നു. അഭിഷേകവും വിശുദ്ധിയും നിറഞ്ഞ ഒരു സി.എം.ഐ സഭാശ്രേഷ്ഠൻ, വിജ്ഞാനിയായ ഗുരുഭൂതൻ, ദിവ്യകാരുണ്യഭക്തൻ, ഗ്രന്ഥകാരൻ, പ്രാർത്ഥനാരൂപിയുടെ മനുഷ്യൻ, വചനോപാസകൻ – ഇങ്ങനെ നിരവധി തലങ്ങളിൽ ദൈവദാസനായ കനീസിയൂസച്ചന്റെ പ്രാഭവം വിളിച്ചോതുന്നു. സംസാരത്തിലും പെരുമാറ്റത്തിലും സവിശേഷമായ സൗമ്യതയും സ്നേഹവും കരുണയും കുലീനത്വവും ശുശ്രൂഷാ മനോഭാവവും ദൈവദാസനായ കനീസിയൂസച്ചനിൽ നിറഞ്ഞു നിന്നിരുന്നു. ബലിയർപ്പണത്തിലും, കുമ്പസാരവേളയിലും, അധ്യാപനത്തിലും, പ്രാർത്ഥനാനിമിഷങ്ങളിലും, ഉല്ലാസവേളയിലും എല്ലാം ഒരു ദിവ്യാനുഭവം ആ പ്രകാശിക്കുന്ന മുഖത്ത് ദൃശ്യമായിരുന്നു.

പ്രായാധിക്യവും ആമവാതത്തിന്റെ അസുഖവും അദ്ദേഹത്തെ വല്ലാതെ വിഷമിപ്പിച്ചുവെങ്കിലും ക്ഷമയോടെ ആവലാതിയില്ലാതെ അവ സ്വീകരിച്ചു. ജീവിത സായാഹ്നത്തിലും തന്നെ എടുത്തുപയോഗിക്കുന്ന ദിവ്യനാഥന് നന്ദിചൊല്ലുന്ന കനീസിയൂസച്ചന്റെ വാക്കുകൾ ഹൃദയസ്പർശിയാണ്. "തേഞ്ഞു തീരാറായ ഈ പ്രേഷിതന്റെ ബാക്കിയും ഉപയോഗിച്ചുതീർക്കാൻ ദയവു തോന്നിയ ദിവ്യകലാകാരന് നിത്യസ്തുതി." 1998 ജനുവരി 29ന് ദൈവദാസനായ കനീസിയൂസച്ചൻ ഈശോയിൽ നിദ്രപ്രാപിച്ചു. ദൈവദാസനായ കനീസിയൂസച്ചന്റെ ഭൗതികാവശിഷ്ടങ്ങൾ അമ്പഴക്കാട്ട് ആശ്രമ ദേവാലയത്തിൽ അടക്കംചെയ്തിരിക്കുന്നു.

ഫാ. ഡേവീസ് പനയ്ക്കൽ സി.എം.ഐ
വൈസ്-പോസ്റ്റുലേറ്റർ

## നാമകരണജപം

സ്നേഹപിതാവായ ദൈവമേ, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. അങ്ങേ എളിയ ദാസനായ കനീസിയൂസച്ചൻ വഴി അങ്ങ് നൽകിയ അനുഗ്രഹങ്ങളെയോർത്ത് ഞങ്ങൾ നന്ദി പറയുന്നു. ഏതു പ്രതിസന്ധിയിലും ദൈവേഷ്ടം മുഴുവനായി നിറവേറ്റുവാൻ ജീവിതം ഉഴിഞ്ഞുവച്ച അദ്ദേഹത്തിന്റെ മാതൃക, അനുദിനജീവിതത്തിൽ ഞങ്ങൾക്ക് പ്രചോദനമാകട്ടെ. വചനത്തിന് അനുസൃതമായി ജീവിക്കുവാനും വചനം പ്രഘോഷിക്കുവാനും കനീസിയൂസച്ചൻ പ്രകടമാക്കിയ തീക്ഷ്ണത ഞങ്ങളുടെ ജീവിതത്തിൽ പ്രായോഗികമാക്കുവാൻ അനുഗ്രഹിക്കണമെ. നല്ലവനായ ദൈവമേ, അങ്ങേ മഹത്വത്തിനായി കനീസിയൂസച്ചൻ അൾത്താരയിൽ വണങ്ങപ്പെടുന്നതിന് ഇടവരുത്തണമേ. അദ്ദേഹത്തിന്റെ മാധ്യസ്ഥം വഴി ഞങ്ങൾ അപേക്ഷിക്കുന്ന പ്രത്യേക അനുഗ്രഹങ്ങൾ........ അങ്ങ് ഞങ്ങൾക്ക് നൽകണമെ. ഈ അപേക്ഷകൾ പരി. കർമ്മലനാഥയും, വി. ചാവറപിതാവും വഴി കർത്താവീശോമിശിഹായുടെ നാമത്തിൽ അങ്ങേയ്ക്ക് ഞങ്ങൾ സമർപ്പിക്കുന്നു.

ആമ്മേൻ.

1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.


## ദൈവദാസനായ കനീസിയൂസച്ചന്റെ ജീവിതത്തിലെ സുപ്രധാന നാഴികക്കല്ലുകൾ


| | |
|---|---|
| 1914 മെയ് 12 | : ജനനം; ആനന്ദപുരം |
| 1914 ജൂൺ 6 | : മാമ്മോദീസ; പറപ്പൂക്കര |
| 1927 - 1928 | : നാലര ക്ലാസ്; എൽത്തുരുത്ത് |
| 1931 - 1934 | : യോഗാർത്ഥി, ഹൈസ്ക്കൂൾ; പാവറട്ടി |
| 1935 നവം. 24 | : ആദ്യവ്രതം |
| 1936 - 1942 | : സെമിനാരി പഠനം; മംഗലാപുരം |
| 1942 ഡിസം. 21 | : പൗരോഹിത്യ സ്വീകരണം; മംഗലാപുരം |
| 1944 - 1945 | : ഡി.ഡി.പഠനം; കാൻഡി |
| 1948 - 1952 | : ഡി.എസ്.എസ്., ഗവേഷണപഠനം; റോം |
| 1957 - 1959 | : സെമിനാരി പ്രഫസർ; സ്പിരിച്വൽ മാസ്റ്റർ; ബാംഗ്ലൂർ |
| 1960 - 1966 | : റെക്ടർ, ബാംഗ്ലൂർ |
| 1966 - 1972 | : പ്രിയോർ ജനറാൾ, എറണാകുളം |
| 1972 - 1975 | : പ്രൊവിൻഷ്യാൾ; തൃശൂർ |
| 1978 - 1981 | : വികാർ ജനറാൾ; എറണാകുളം |
| 1981 - 1996 | : ആത്മീയഗുരു; പരിയാരം |
| 1996 - 1998 | : ആശ്രമാംഗം; അമ്പഴക്കാട് |
| 1998 ജനു. 29 | : മരണം; അമ്പഴക്കാട് |
| 2014 മാർച്ച് 29 | : ദൈവദാസ പദവി |

### എല്ലാ വ്യാഴാഴ്ചകളിലും ദൈവദാസനായ കനീസിയൂസ് CMI യുടെ കബറിട ദേവാലയത്തിൽ നടത്തുന്ന പ്രാർത്ഥനകൾ

| | |
|---|---|
| 06.00 am | : ദിവ്യബലി, കബറിടത്തിൽ ഒപ്പീസ് |
| 02.30 pm | : ത്രിമുഖ ജപമാല ജനങ്ങളോടൊപ്പം |
| 05.00 pm | : സിസ്റ്റേഴ്സിന്റെ പ്രാർത്ഥന |
| 07.00 pm | : നവസന്യാസികളുടെയും വൈദീകരുടെയും പ്രാർത്ഥന |

Route Map to
ST. TERESA'S MONASTERY



ദൈവദാസനായ കനീസിയൂസച്ചൻ അന്ത്യവിശ്രമം കൊള്ളുന്ന കോട്ടക്കൽ ആശ്രമദേവാലയം


The Vice Postulator, Servant of God Fr. Canisius' Cause
ST. TERESA'S MONASTERY, KOTTACKAL
Mala P.O., Kotttamuri, Thrissur - 680 732
Tel: 0480 - 2890225, 2891080, Mob: 9539444156 e-mail : dpanakkal@yahoo.com


mmb 0487 2355794